സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസ് നിർണ്ണയവും നിയന്ത്രണങ്ങളും

131 [730] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

,, മത്തായി ചാക്കോ :

,, പി. സി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി പ്രവേശനത്തിലും ഫീസ് നിർണ്ണയത്തിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിന് കേന്ദ്ര നിയമം ആവശ്യമാണെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ സംസ്ഥാന സർക്കാർ ഇതിനുവേണ്ടി കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഫീസ് നിർണ്ണയത്തിനായി സംസ്ഥാന സർക്കാർ രൂപീകരിച്ച ജസ്റ്റിസ് കെ. ടി. തോമസ് കമ്മിഷൻ നിലവിലുണ്ടോ; എങ്കിൽ അതിന്റെ ഇപ്പോഴത്തെ ചുമതലകൾ എന്തൊക്കെയാണ് ;

(സി) വിദ്യാർത്ഥികളിൽനിന്ന് പ്രവേശനത്തിന് ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് തടയുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത് ?

ഉത്തരം

(എ) കേന്ദ്ര നിയമം ആവശ്യമാണെന്ന് സർക്കാർ കരുതുന്നുണ്ട്. ഇക്കാര്യത്തിൽ ഒരു ഏകീകൃത കേന്ദ്ര നിയമം ഉണ്ടാക്കുന്നതിനുള്ള നടപടി കേന്ദ്ര സർക്കാർ എടുത്തുവരുന്നു. ഇതിനായി കേന്ദ്ര സർക്കാർ അയച്ചുതന്ന കരട് നിയമം സർക്കാരിന് ലഭിച്ചിട്ടുണ്ട്. കേന്ദ്ര നിയമം ഉണ്ടാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) 11-11-2003-ലെ സർക്കാർ ഉത്തരവ് ജി. ഒ. (പി) 161/03/ഉ.വി. വകുപ്പ് പ്രകാരം രൂപീകരിച്ച ജസ്റ്റിസ് കെ. ടി. തോമസ് കമ്മിറ്റിയുടെ കാലാവധി 3 വർഷത്തേക്കാണ്. ബഹു. സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം സ്വാശ്രയ കോളേജുകളിലെ കോഴ്സുകൾക്ക് ഫീസ് നിശ്ചയിക്കുന്നതിനും മാനേജ്മെന്റ് കൺസോർഷ്യം നടത്തുന്ന പ്രവേശന പരീക്ഷകളുടെ മേൽനോട്ടം വഹിക്കുന്നതിനുമാണ് പ്രസ്തുത കമ്മിറ്റി രൂപീകരിച്ചത്.

(സി) ചില പരാതികൾ പത്രദ്വാര അറിയുകയുണ്ടായി. സംസ്ഥാന ഗവൺമെന്റ് പാസ്സാക്കിയ ആക്ട് ഇത് തടയുന്നതിന് പര്യാപ്തമാണ്.

എഞ്ചിനീയറിംഗ് പഠനവും എ. ഐ. സി. ടി. ഇ. തീരുമാനവും

132 [731] ശ്രീ. കെ. എ. ചന്ദ്രൻ :

,, പ്രയാർ ഗോപാലകൃഷ്ണൻ :

,, ടി. വി. ചന്ദ്രമോഹൻ :

,, കെ. ബാബു :

,, ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly